(സി) പഞ്ചായത്താഫീസ് കെട്ടിടം പണിയുന്നതിനു നടപടി എടുക്കേണ്ടതു പഞ്ചായത്തുകമ്മറ്റി ആണു്. രേണപരിഷ്കാരക്കമ്മിറ്റിയുടെ ശുപാർശ നടപ്പിലാക്കുന്നതുവരെ പുതിയ പഞ്ചായത്താഫീസ് കെട്ടിടങ്ങൾ കെട്ടാൻ ഗവണ്മെൻറിൽ നിന്നും സഹായം നൽകുന്നതല്ല എന്നു് നിശ്ചയിച്ചിട്ടുണ്ടു്.

പാട്ടഭൂമിക്കു വസൂലാക്കുന്ന പലിശ.

* 1512. [50] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറു ഭൂമി കൈവശം വരുന്ന കുടിയാന്മാരിൽ നിന്നു പാട്ടഭൂമിക്കു വസൂലാക്കുമ്പോൾ എത്ര ശതമാനം പലിശ വസൂലാക്കുന്നതാണു്;

(ബി) ക്ഷേത്രം എസ്റ്റേറ്റു കുടിയാന്മാരുടെ പേരിൽ പാട്ടഭൂമിക്കു് നെല്ലാണെങ്കിൽ ഇരുപതു ശതമാനവും പണമാണെങ്കിൽ പന്ത്രണ്ടു ശതമാനവും പലിശ വസൂലാക്കുന്നുവെന്നതു് ശരിയാണോ;

(സി) പ്രസ്തുത കുടിയാന്മാരിൽ എത്രപേരുടെ കേസ്സു് നിലവിലുണ്ടു്;

(ഡി) എത്രപേരുടെ സ്വത്തുക്കൾ വിറ്റുകിട്ടിയിട്ടുണ്ടു്;

(ഇ) മലബാർ കുടിയാൻ നിയമം ഈ കുടിയാന്മാർക്കുകൂടി ബാധകമാക്കാൻ വേണ്ട നടപടി എടുക്കുമോ;

(എഫ്) ഇന്നു നിലവിലുള്ള കോടതി നടപടികൾ നിറുത്തി വയ്പിക്കുന്നതിനു് എന്തെങ്കിലും സത്വര നടപടികൾ എടുക്കുമോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി)

(എ to എഫ്) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിലെ പേഴ്സണൽ അസിസ്റ്റൻറിൻെറ തസ്തിക.

* 1513. [52] ശ്രീ. കെ. കുഞ്ഞാമു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റു് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽ ഒരു പേഴ്സണൽ അസിസ്റ്റൻറിൻെറ തസ്തിക ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു തീയതിയിൽ ഉത്തരവുണ്ടായി;

(സി) ഈ തസ്തികയിൽ ഒരു ഹരിജനെത്തന്നെ നിയമിക്കണമെന്നു നിർദ്ദേശമുണ്ടായിരുന്നോ;

(ഡി) നിയമനം നടത്തുന്നതിനു വേണ്ടി പബ്ലിക്കു് സർവ്വീസ് കമ്മിഷൻ അപേക്ഷകൾ ക്ഷണിച്ചിരുന്നോ; ഉണ്ടെങ്കിൽ എന്നത്തെ ഗസറ്റിൽ;

(ഇ) ഹരിജനങ്ങൾക്കു നൃായമായി കിട്ടേണ്ട സംവരണംപോലും കിട്ടാതിരിക്കുന്ന ഇക്കാലത്തു് ഒരു ഹരിജനെ നിയമിക്കുവാൻ ഉടനടിതന്നെ വേണ്ട നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) ഉണ്ടു്.

(ബി) 7-5-1957-ൽ.

(സി) ഉണ്ടായിരുന്നു.

(ഡി) 4-3-1958-ലെ ഗസറ്റിൽ അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടായിരുന്നു.

(ഇ) പി. എസ്സ്. സി. യുടെ ശുപാർശ കിട്ടിയാലുടൻ നിയമനം നടത്തുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly